KSCEBCFC
Kerala State Commission for Economically
Backward Classes among Forward Communities

# മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ

## സാമൂഹ്യ സാമ്പത്തിക സർവ്വേ

## മാർഗ്ഗ നിർദ്ദേശങ്ങൾ

**മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി**
**പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള**
**കേരള സംസ്ഥാന കമ്മീഷൻ**
റ്റി.സി.81/1377, മാഞ്ഞാലിക്കുളം റോഡ്,
തിരുവനന്തപുരം - 01
ഫോൺ - 0471 - 2325573
തീയതി : 29.11.2021

# സാമൂഹ്യ - സാമ്പത്തിക സർവ്വേ – അടിസ്ഥാന വസ്തുതകൾ

## 1. ആമുഖം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന ആക്ട് (2016 ലെ 2-ആം ആക്ട്) പ്രകാരം പ്രാബല്യത്തിൽ വന്ന കമ്മീഷന്റെ ചുമതലകളിൽ, പ്രസ്തുത വിഭാഗക്കാരുടെ (സംവരണേതര വിഭാഗം) പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്യുക, അവരുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തി ക്ഷേമകാര്യങ്ങൾ ശിപാർശ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നു. ഏതു വിഷയത്തെക്കുറിച്ചും പഠിക്കുന്നതിനും ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനും ആധികാരികമായ വിവരം (data) അത്യന്താപേക്ഷിതമാണ്. ഈ പ്രക്രിയയുടെ ആദ്യ പടിയായി അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വിപുലമായ വിവരശേഖരണം നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആക്ടിലെ ചട്ടം 9, ബി മുതൽ എച്ച് വരെയുള്ള ഉപ ചട്ടങ്ങളുടെ പ്രതിപൂരണത്തിനായി ഒരു സാമൂഹ്യ-സാമ്പത്തിക സർവ്വേ, കമ്മീഷൻ വിഭാവനം ചെയ്യുകയുണ്ടായി.

## 2. ചോദ്യാവലി

ഈ സർവ്വേ നടത്തുന്നതിനുള്ള ചോദ്യാവലി വിദഗ്ധരുമായി വിശദമായ ചർച്ചകൾ നടത്തിയ ശേഷമാണ് കമ്മിഷൻ തയാറാക്കിയത്. സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക അവസ്ഥയുടെ സമഗ്ര ചിത്രം ലഭിയ്ക്കുന്നതിന് പ്രധാനമായും ആ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം, വരുമാനം, തൊഴിൽ എന്നീ മൂന്ന് അടിസ്ഥാന ഘടകങ്ങൾ മനസ്സിലാക്കുകയെന്നതാണ് ഈ രംഗത്തെ വിദഗ്ധർ സ്വീകരിയ്ക്കുന്ന ശാസ്ത്രീയമായ രീതി. ഈ സർവ്വേയിലുൾപ്പെടുത്തിയ എഴുപതോളം വരുന്ന ചോദ്യങ്ങളെല്ലാം തന്നെ ഈ മൂന്ന് അടിസ്ഥാന ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിയ്ക്കുമ്പോൾ തന്നെ പ്രസ്തുത വിഭാഗക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുതകുന്ന വിവരങ്ങൾ അതിന്റെ സമഗ്രതയിൽ തന്നെ ലഭിയ്ക്കും.

## 3. എന്തുകൊണ്ട് സാമ്പിൾ സർവ്വേ

കേരളത്തിലെ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ വാർഡുകളിലേയും സാമ്പത്തികമായി ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന, ഈ വിഭാഗത്തിലെ അഞ്ചു വീതം കുടുംബങ്ങളെ കണ്ടെത്തി അവരിൽ നിന്നും വിവരശേഖരണം നടത്തുന്ന തരത്തിലാണ് നിർദ്ദിഷ്ട സർവ്വേ വിഭാവനം ചെയ്തിട്ടുള്ളത്.

കൂടുതൽ കുടുംബങ്ങളെ ഇതിനായി സമീപിക്കേണ്ടതുണ്ടോ എന്ന കാര്യവും സജീവമായി ചർച്ച ചെയ്തിരുന്നുവെങ്കിലും, സർവ്വേ നടത്തുന്നത് വളരെ ചെലവ് വരുത്തുന്ന കാര്യമാണെന്നത് പരിഗണിച്ചും പ്രാതിനിധ്യ സ്വഭാവത്തിന് ഒരേ വാർഡിൽ നിന്നും അഞ്ചു വീതം കുടുംബങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയാൽ മതിയാകുമെന്ന സാമൂഹ്യശാസ്ത്ര വിദഗ്ധരുടെ അഭിപ്രായം കണക്കിലെടുത്തുമാണ് ഒരു വാർഡിൽ നിന്നും അഞ്ചു കുടുംബങ്ങളെ പരിഗണിച്ചാൽ മതിയാകുമെന്ന അന്തിമ തീരുമാനത്തിൽ എത്തിച്ചേർന്നത്. സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെയായതിനാൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വാർഡുകളിൽ നിന്നും ഒരു ലക്ഷത്തോളം കുടുംബങ്ങളുടെ വിവരശേഖരണം നടത്തുകവഴി അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തുവാനാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്. പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകരാണ് മൊബൈൽ ആപ്പ് വഴി വിവരശേഖരണം നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളുടെ വീടുകൾ സന്ദർശിച്ച് അവരുടെ പരിപൂർണ്ണ സമ്മതത്തോടെ വിവരങ്ങൾ മൊബൈൽ ആപ്പിൽ ശേഖരിക്കുകയും ആയത് യഥാസമയം State Data Centre - ലേയ്ക്ക് കൈമാറുകയും ചെയ്യും. ഈ വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത ശേഷം, കമ്മീഷൻ സമഗ്രമായ റിപ്പോർട്ട് സർക്കാരിന് കൈമാറും.

## 4. സർവ്വേ രീതിശാസ്ത്രം

* ഓരോ ജില്ലയിൽ നിന്നും 3 – 4 സർവ്വേ സൂപ്പർവൈസർമാരെ തെരഞ്ഞെടുത്ത് (ആകെ 48 ) പേർക്ക് സംസ്ഥാനതലത്തിൽ പരിശീലനം നൽകും. 48 സർവ്വേ സൂപ്പർവൈസർമാരെ കൂടാതെ 14 ജില്ലാ പ്രോഗ്രാം മാനേജർമാർക്കും പരിശീലനം നൽകും. (ആകെ 62).

* കുടുംബശ്രീ ത്രിതല സംവിധാനത്തിൽ നിന്നും ചുരുങ്ങിയത് പ്ലസ് ടു യോഗ്യതയുള്ള എന്യൂമറേറ്റർമാരെ തിരഞ്ഞെടുക്കും.

* തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അഞ്ച് വാർഡുകൾക്ക് ഒരു എന്യൂമറേറ്റർ എന്ന നിലയിൽ ആകെ 4000 ത്തോളം എന്യൂമറേറ്റർമാർ ഉണ്ടാകും.

* ആകെയുള്ള 4000 ത്തോളം എന്യൂമറേറ്റർമാരിൽ നിന്നും ജില്ലാ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ജില്ലാ തലത്തിൽ രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകും. ഓരോ ജില്ലയിലും പരമാവധി 100 പേർക്ക് രണ്ടു ബാച്ചുകളിലായി പരിശിലനം നൽകും. സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ചവർ ആയിരിക്കും ജില്ലാ തല പരിശീലനം നൽകുന്നത്.

* ജില്ലാ തലത്തിൽ പരിശീലനം ലഭിച്ച എന്യൂമറേറ്റർമാരുടെ നേതൃത്വത്തിൽ മറ്റു എന്യൂമറേറ്റർമാർക്ക് കുടുംബശ്രീ CDS തലത്തിൽ പരിശീലനം നൽകും.

* ത്രിതല പരിശീലന പരിപാടിയുലൂടെ എല്ലാ എന്യൂമറേറ്റർമാർക്കും പരിശീലനം നൽകും

* ഒരു എന്യൂമറേറ്റർ ഒരു ദിവസം ഒരു വാർഡിലെ അഞ്ചു കുടുംബത്തിൽ നിന്നും വിവരശേഖരണം നടത്തി 5 ദിവസം കൊണ്ട് 25 കുടുംബങ്ങളുടെ സർവ്വേ പൂർത്തീകരിക്കും.

## 5. എന്തുകൊണ്ട് MOBILE APP

* മൊബൈൽ സാന്ദ്രത കൂടിയ സംസ്ഥാനം.
* സുതാര്യമായ വിവര ശേഖരണം വേഗത്തിൽ സാധ്യമാകുന്നു.
* ഓഫ് ലൈൻ ആയും വിവരശേഖരണം നടത്താൻ കഴിയും.
* ശാസ്ത്രീയ വിശകലനം എളുപ്പത്തിൽ സാധിക്കുന്നു.

## 6 നിർദിഷ്ട സാമൂഹ്യ-സാമ്പത്തിക സർവ്വേയ്ക്കായി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു;

(a). സർവ്വേ നടത്തുന്നതിന് മുന്നോടിയായി ഓരോ വാർഡിലും സംവരണേതര വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഏറ്റവും ദുരിതം അനുഭവിക്കുന്ന) അഞ്ച് കുടുംബങ്ങളെ വീതം കണ്ടെത്തണം. ഓരോ വാർഡിലേയും വാർഡ് മെമ്പർ/കൗൺസിലർ, വില്ലേജ് ഓഫീസർ, കുടുംബശ്രീ എ.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ ചേർന്ന കമ്മിറ്റി സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 കുടുംബങ്ങളെ തീരുമാനിച്ച് ലിസ്റ്റ് ചെയ്ത് കുടുംബശ്രീ എന്യൂമറേറ്റർക്ക് നൽകണം. ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കുന്ന യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കി ബന്ധപ്പെട്ട എ.ഡി.എസ്സിൽ സൂക്ഷിക്കേണ്ടതാണ്. കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

i) സംവരണത്തിന്റെ യാതൊരു ആനുകൂല്യവും ലഭിക്കാത്ത വിഭാഗത്തിലെ അംഗമായിരിക്കണം. (SC/ST, OBC ഒഴികെയുള്ളവർ)

ii) സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായിരിക്കണം.

iii) ഇനിപ്പറയുന്ന ഒന്നോ അതിലധികമോ സവിശേഷതകൾ ഉള്ള വിഭാഗത്തിൽ നിന്നുള്ള ആളുകളെ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണം:

a) മഞ്ഞ റേഷൻ കാർഡ് അല്ലെങ്കിൽ AAY യിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾ;

b) ഗുരുതരമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന അല്ലെങ്കിൽ കിടപ്പിലായവരുള്ള കുടുംബങ്ങൾ;

c) കടുത്ത ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുടുംബങ്ങൾ;

d) സ്ഥിരമായ ജോലിയോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ;

e) കുറഞ്ഞ വിദ്യാഭ്യാസ നിലവാരമുള്ള കുടുംബങ്ങൾ; ദാരിദ്ര്യം കാരണം പഠനം മുടങ്ങിയവർ;

f) മോശം ജീവിത സാഹചര്യങ്ങളിലോ താൽകാലിക വാസസ്ഥലങ്ങളിലോ ഷെഡ്ഡുകളിലോ താമസിക്കുന്ന കുടുംബങ്ങൾ

(b). സർക്കാർ അംഗീകരിച്ച 164 വിഭാഗങ്ങളിലുള്ള കുടുംബങ്ങളെയാണ് സർവ്വേ ചെയ്യുന്നത്. കണക്കെടുപ്പിൽ അവരുടെ ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കും. ഒന്നോ രണ്ടോ സമുദായങ്ങൾ മാത്രം സർവ്വേയിൽ ഉൾപ്പെടുന്നത് അഭികാമ്യമല്ല. അതിനാൽ, തദ്ദേശ സ്വയംഭരണ തലത്തിൽ തന്നെ, കുടുംബങ്ങളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് നിലവിലുള്ള വിഭാഗങ്ങളുടെ ആനുപാതികമായ കവറേജ് ഉറപ്പാക്കണം. തദ്ദേശഭരണ കമ്മിറ്റി അംഗങ്ങൾ, സി.ഡി.എസ്.ചെയർപേഴ്സൺ, വില്ലജ് ഓഫീസർമാർ എന്നിവർ ഒരുമിച്ച് ഇരുന്ന് കൂട്ടായി പ്രസ്തുത തീരുമാനം കൈക്കൊള്ളേണ്ടതാണ്. 164 വിഭാഗങ്ങൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ 03.06.2021-ലെ സ:ഉ:(എം.എസ്)114/21/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് കമ്മീഷൻ വെബ് സൈറ്റിൽ (www.kscebcfc.kerala.gov.in) ലഭ്യമാണ്.

(c). ചില വാർഡുകളിൽ സംവരണേതര വിഭാഗത്തിൽ നിന്ന് ആരുമില്ലാതിരിക്കാനും സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ, സർവ്വേ ചെയ്യപ്പെടേണ്ട മൊത്തം കുടുംബങ്ങളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിശ്ചയിക്കുകയും സംവരണേതര കമ്മ്യൂണിറ്റികൾ ഉള്ള മറ്റ് വാർഡുകൾക്കിടയിൽ

പുനർവിന്യാസം (redistribution) ചെയ്യുകയും വേണം. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലാണ് ചെയ്യേണ്ടത്. ഇപ്രകാരം ഓരോ വാർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരമുള്ള അഞ്ച് കുടുംബങ്ങളിൽ നിന്നാണ് കുടുംബശ്രീ എന്യൂമറേറ്റർ വിവരശേഖരണം നടത്തേണ്ടത്. ഉദാഹരണമായി, 20 വാർഡുകളുള്ള ഒരു പഞ്ചായത്തിൽ ഓരോ വാർഡിലും അഞ്ച് കുടുംബങ്ങൾ വീതം ആകെ 100 കുടുംബങ്ങളുടെ ലിസ്റ്റുണ്ടാകും. എന്നാൽ 3 വാർഡുകളിൽ അനുയോജ്യമായ കുടുംബങ്ങളില്ലെങ്കിൽ ബാക്കിയുള്ള 17 വാർഡുകളിൽ നിന്നും ആറു വീതം കുടുംബങ്ങളെ തെരഞ്ഞെടുക്കേണ്ടി വരും. 5 കുടുംബങ്ങളുടെ ലിസ്റ്റ് മാത്രമാണ് തയ്യാറാക്കുന്നതെങ്കിൽ redistribution ആവശ്യമായി വരുന്ന അവസരത്തിൽ വീണ്ടും കുടുംബങ്ങളെ കണ്ടെത്തേണ്ടി വരുന്നത് കാലതാമസത്തിനിടയാക്കുമെന്നതിനാൽ എല്ലാ വാർഡിൽ നിന്നും ആദ്യമേ തന്നെ 8 കുടുംബങ്ങളുടെയെങ്കിലും ലിസ്റ്റ് തയ്യാറാക്കുകയും അതിൽ ആദ്യത്തെ 5 കുടുംബങ്ങളുടെ വിവരം ശേഖരിക്കുന്നതുമായിരിക്കും ഉചിതം. ലിസ്റ്റിൽ ആദ്യത്തെ അഞ്ചിൽ ഉൾപ്പെട്ട ഏതെങ്കിലും കുടുംബങ്ങൾ വിവരശേഖരണത്തിന് വിമുഖത പ്രകടിപ്പിക്കുകയാണെങ്കിൽ മുൻഗണന ക്രമമനുസരിച്ച് പ്രസ്തുത ലിസ്റ്റിലെ മറ്റു കുടുംബങ്ങളിൽ നിന്നും വിവരം ശേഖരിക്കാവുന്നതാണ്.

## 7. സർവ്വേ നടത്തുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട വസ്തുതകൾ

i. ഗൃഹനാഥനെ/നാഥയെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കിയ ശേഷം കുടുംബാംഗങ്ങളുടെ പരിപൂർണ്ണ സമ്മതത്തോടെയും സഹകരണത്തോടെയും മാത്രമേ ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ രേഖപ്പെടുത്താവൂ. ഏതെങ്കിലും വിധത്തിലുള്ള സമ്മർദ്ദം ഇക്കാര്യത്തിൽ ചെലുത്താവുന്നതല്ല. ഏതെങ്കിലും വിധത്തിലുള്ള വിമുഖത വീട്ടുകാരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ അനുഭവപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കി പകരം മറ്റൊരു വീട്ടിൽ പോവുകയായിരിക്കും ഉചിതം.

ii. ചോദ്യാവലിയിലെ ആദ്യ ഭാഗം കുടുംബത്തെ സംബന്ധിച്ചും, രണ്ടാം ഭാഗം ഓരോ കുടുംബാംഗത്തെ സംബന്ധിച്ചുള്ളതുമാണ്.

iii. ചിലർ ബഹു ഭൂരിപക്ഷം ചോദ്യങ്ങൾക്കും ഉത്തരം നൽകിയാലും ചില പ്രത്യേക ചോദ്യങ്ങൾക്ക് മാത്രം മറുപടി പറയാൻ വിമുഖത കാണിച്ചു എന്നു വരാം. അങ്ങനെയെങ്കിൽ ആ ചോദ്യത്തിനുള്ള മറുപടിക്കായി അവരെ നിർബന്ധിക്കേണ്ടതില്ല; നക്ഷത്ര ചിഹ്നമുള്ള ചോദ്യങ്ങൾക്ക് നിർബന്ധമായും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്.

iv. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വൈഷമ്യങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള വിവര ശേഖരണമാണ് നടക്കുന്നതെന്നും

ചോദ്യാവലിയിൽ ഉൾപ്പെട്ടതുകൊണ്ടു മാത്രം പ്രത്യേകമായി ഒരു ആനുകൂല്യവും ലഭിക്കുകയില്ലെന്നും കുടുംബത്തെ മുൻകൂട്ടി പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതാണ്.

v. കുടുംബത്തിന്റെയും വ്യക്തികളുടെയും പൊതുവിവരങ്ങളിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട വിവരങ്ങൾ '*' ചിഹ്നത്തോടു കൂടിയവയാണ്. ആയത് പൂരിപ്പിക്കാതെ അടുത്ത പേജിലേയ്ക്ക് പോകുവാൻ സാധിക്കുന്നതല്ല.

## 8 EWS സംവരണവുമായുള്ള ബന്ധം.

1. കേന്ദ്ര സർക്കാർ 103-ആം ഭരണഘടന ഭേദഗതി പ്രകാരം നടപ്പാക്കിയ 10% EWS സംവരണവുമായി ഈ സർവ്വേയ്ക്ക് യാതൊരു ബന്ധവുമില്ല.

2. EWS സംവരണത്തിന് കേരളത്തിൽ നിശ്ചയിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിച്ചിട്ടുള്ളതല്ല ഈ സർവ്വേ.

3. EWS സംവരണം കേരളത്തിൽ നടപ്പിലാക്കി കഴിഞ്ഞു. പട്ടിക ജാതി / പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ, എന്നിങ്ങനെ സമാന സ്വഭാവമുള്ള മറ്റു കമ്മീഷനുകൾ അതത് വിഭാഗങ്ങളുടെ ക്ഷേകാര്യങ്ങൾ പരിഗണിക്കുന്നതു പോലെ സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള ക്ഷേമകാര്യങ്ങൾ ശുപാർശ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ് ഈ സർവ്വേ.